വയനാട്	-	981
കണ്ണൂർ	-	759
കാസർഗോഡ്	-	1040
ക്രൈം ബ്രാഞ്ച് വിഭാഗം	-	26
റയിൽവേ വിഭാഗം	-	422
ആകെ	-	29171

സ്റ്റേജ് പൊളിച്ചു കളഞ്ഞ സംഭവം

(1565) ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ 11.2.2000-ന് യു.ഡി.എഫിന്റെ സ്റ്റേജ് പൊളിച്ചു കളഞ്ഞതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്ക് എതിരെയാണ് എടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) പകൽ സമയത്ത് നിരവധി പോലീസുകാരുടെ സാന്നിദ്ധ്യത്തിൽ സ്റ്റേജ് നശിപ്പിക്കുവാൻ ഉണ്ടായ സാഹചര്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയോ;

(എഫ്) ഇതിന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നും വീഴ്ചയോ കുറ്റമോ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുകയുണ്ടായോ;

(ജി) എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം:

(എ)-(ജി) പത്തനംതിട്ടയിൽ 11.2.2000-ന് യു.ഡി.എഫ്.ന്റെ സ്റ്റേജ് പൊളിച്ചതായി കാണിച്ച് ജോർജ്ജ് ജോസഫ് എന്നൊരാളിൽ നിന്നും ലഭിച്ച പരാതിയിന്മേൽ ക്രൈം 93/2000 നമ്പരായി പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. സംഭവം പോലീസിന്റെ സാന്നിദ്ധ്യത്തിൽ നടന്നു എന്നു പറയുന്നതു ശരിയല്ല.

ജനകീയ പോലീസ്

(1572) ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ പോലീസ് എന്ന പരിപാടി ഇൻഡ്യയിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) ഈ സംസ്ഥാനങ്ങളിൽ ഇതിന്റെ പ്രവർത്തന പുരോഗതിയെക്കുറിച്ച് പഠിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly